©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 8 / Vol. VIII — തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday — 2019 ഫെബ്രുവരി 26 / 26th February 2019 — 1194 കുംഭം 14 / 14th Kumbham 1194 — 1940 ഫാൽഗുനം 7 / 7th Phalguna 1940 — നമ്പർ / No. 9

# PART III

# Police Department

ലേല പരസ്യം

നമ്പർ ഇ2-9093/2016/IRB. 2019 ഫെബ്രുവരി 11.

തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ അധീനതയിലുള്ളതും തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി.) യുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന വകുപ്പ് വാഹനങ്ങൾ 2-4-2019-ാം തീയതി രാവിലെ 11 മണിക്ക് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി.) യുടെ ഓഫീസ് പരിസരത്ത് വെച്ച് ദർഘാസ്/പരസ്യ ലേലം വഴി വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പരും ഇനവും | മോഡൽ | നിരതദ്രവ്യം |
|---|---|---|---|
| 1 | കെ.എൽ. 01 എ.ഡി. 4503— മഹീന്ദ്ര ജീപ്പ് | 2004 | 5,000 |
| 2 | കെ.എൽ. 01 എ.ഡി. 4750— മഹീന്ദ്ര ജീപ്പ് | 2004 | 5,000 |
| 3 | കെ.എൽ. 01 എ.ജി. 9892— മഹീന്ദ്ര ബൊലറോ | 2004 | 7,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് തന്നെ മേൽ പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങിയിരിക്കേണ്ടതും കൃത്യസമയത്ത് ലേലസ്ഥലത്ത് ഹാജരായിരിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ ലേലത്തിന് മുദ്രവെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റ്-ന്റെ കാര്യാലയത്തിൽ 30-3-2019-ാം തീയതി 4 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന്റെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നിരതദ്രവ്യം അടച്ചതിന്റെ രസീത് അടക്കം ചെയ്യേണ്ടതാണ്. ദർഘാസ് അടക്കം ചെയ്ത കവറിന് പുറത്ത് "വാഹന ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ വകുപ്പ് വാഹനങ്ങളുടെ രജിസ്റ്റർ നമ്പരുകളും ഇതോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

പരസ്യ ലേലം കഴിഞ്ഞ ഉടൻ ബന്ധപ്പെട്ടവരുടെ മുന്നിൽ വെച്ച് ദർഘാസുകൾ തുറക്കുന്നതും പരസ്യലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആയതിന് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം കൈക്കൊണ്ടയാൾ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വെച്ച് അപ്പോൾ തന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ബാക്കി തുക നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം അടച്ചതിനുശേഷം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്. ലേലവസ്തുക്കൾ നീക്കം ചെയ്യുന്നതിനുമുമ്പ് ആയവയുടെ ഉടമസ്ഥാവകാശം സ്വന്തം പേരിലേക്ക് മാറ്റാനുള്ള നടപടികൾ ലേലം കൈക്കൊണ്ട വ്യക്തി റീജിയണൽ ട്രാൻസ്പോർട്ട് കാര്യാലയവുമായി ബന്ധപ്പെട്ട് കൈക്കൊള്ളേണ്ടതാണ്. ലേലം/ദർഘാസ് നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ച് നൽകുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്ന വ്യക്തി ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മേൽപറഞ്ഞ വകുപ്പ് വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന വകുപ്പ് വാഹനങ്ങൾ ലേലത്തീയതിക്ക് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി.) യുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റ്-ന് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന്റെ തീരുമാനം അന്തിമമായിരിക്കും.

ഇന്ത്യ റിസർവ് ബറ്റാലിയൻ, തൃശ്ശൂർ.

ഹരിലാൽ, വി. വി.,
കമാണ്ടന്റ്.

---

## ദർഘാസ് പരസ്യം

നമ്പർ ഇ1-3119/2019/സി. സി. 2019 ഫെബ്രുവരി 14.

കോഴിക്കോട് സിറ്റി പോലീസ് മേധാവിയുടെ കാര്യാലയത്തിലേക്കും സബ് യൂണിറ്റുകളിലേയും ലേസർജെറ്റ് പ്രിന്ററുകളുടെ അറ്റകുറ്റപ്പണികളും ടോണർ റീഫില്ലിങ്ങും 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് നടത്തുന്നതിന് വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ ഫോറത്തിൽ ചുവടെ കാണിച്ചിരിക്കുന്ന സാധനങ്ങളുടെ വില രേഖപ്പെടുത്തി "കോഴിക്കോട് സിറ്റി ജില്ലാ പോലീസ്-കമ്പ്യൂട്ടർ ലേസർജെറ്റ് പ്രിന്ററുകളിൽ ടോണർ റീഫിൽ ചെയ്യുന്നതിനുള്ള അപേക്ഷ" എന്ന് രേഖപ്പെടുത്തിയ മുദ്രവെച്ച കവറിൽ ഉള്ളടക്കം ചെയ്ത ടെണ്ടർ ഫോമുകൾ 20-3-2019-ാം തീയതി 5 മണിക്ക് മുൻപായി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, കോഴിക്കോട് സിറ്റി, മാനാഞ്ചിറ, കോഴിക്കോട്-673 001 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ടെണ്ടർ അപേക്ഷകൾ ടെണ്ടർ നൽകിയ വ്യക്തികളുടെയോ അവർ ചുമതലപ്പെടുത്തുന്ന വ്യക്തികളുടെയോ സാന്നിധ്യത്തിൽ 23-3-2019-ാം തീയതി 3 മണിക്ക് ജില്ലാ പോലീസ് ഓഫീസിൽ വച്ച് തുറക്കുന്നതായിരിക്കും.

ടെണ്ടറിൽ പങ്കെടുക്കാൻ താല്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ 675 (നികുതി അടക്കം) പണമടച്ച് അപേക്ഷ സമർപ്പിച്ചാൽ ടെണ്ടർ ഫോറം ലഭിക്കുന്നതാണ്. ടെണ്ടർ ഫോറത്തിനായി അടയ്ക്കുന്ന തുക യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. 20-3-2019-ാം തീയതി വൈകിട്ട് 4 മണി വരെ മാത്രമേ ടെണ്ടർ ഫോമുകളുടെ വിൽപ്പന ഉണ്ടായിരിക്കുകയുള്ളു. ഡ്യൂപ്ലിക്കേറ്റ് ടെണ്ടർ ഫോറം ആവശ്യമുള്ളവർ 338 (നികുതി അടക്കം) കൂടി അടയ്ക്കേണ്ടതാണ്. ടെണ്ടർ ഫോമുകൾ തപാൽ മുഖാന്തിരം അയച്ചുകൊടുക്കുന്നതല്ല.

| ക്രമനമ്പർ | തുക രേഖപ്പെടുത്തേണ്ട ഇനം |
|---|---|
| 1 | ടോണർ |
| 2 | കാർട്രിഡ്ജ് |
| 3 | ബ്ലേഡ് |
| 4 | ഡ്രം |
| 5 | എം. ആർ. എസ്. |
| 6 | പി. സി. ആർ. |
| 7 | സ്ലീവ് |
| 8 | പ്രഷർ റോളർ |
| 9 | പേപ്പർ സെൻസർ |
| 10 | പിക് അപ് റോളർ |

<u>നിബന്ധനകൾ</u>

1. ടെണ്ടറിൽ പങ്കെടുക്കുന്നവർ ഓരോ ടെണ്ടറിനും 1% ഏണസ്റ്റ് മണി ഡെപ്പോസിറ്റായി (EMD) ജില്ലാ പോലീസ് ഓഫീസിൽ പണമായോ അല്ലെങ്കിൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ ഡി. ഡി. ആയോ അടയ്ക്കേണ്ടതാണ്.
2. ടെണ്ടർ ലഭിക്കുന്നവർ ` 200-ന്റെ മുദ്രപ്പത്രത്തിൽ ധാരണാപത്രം സമർപ്പിക്കേണ്ടതാണ്.
3. ടെണ്ടർ സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് സിറ്റി ജില്ലാ പോലീസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
4. കാരണം കാണിക്കാതെ ടെണ്ടർ നടപടി ക്രമങ്ങൾ റദ്ദ് ചെയ്യാനുള്ള അവകാശം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്.

കോറി സഞ്ചയ് കുമാർ ഗുരുഡിൻ, ഐ. പി. എസ്.,
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്.